പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4005 15.03.2017 ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ശബരിമല തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഈ സർക്കാർ വന്നതിന് ശേഷം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) ശബരിമല മാസ്റ്റർ പ്ലാൻ മുഖേന സർക്കാർ ഫണ്ട് ഉപയോഗിച്ചും ദേവസ്വം ബോർഡിന്റെ ഫണ്ട് ഉപയോഗിച്ചും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അയവ താഴെ കൊടുക്കുന്നു. |

**ശബരിമല**

1. അന്നദാനത്തിനായി ആധുനിക അടുക്കളയോട് കൂടി 2000 പേർക്ക് ഒരേ സമയം ആഹാരം കഴിക്കാവുന്ന അന്നദാന മണ്ഡപം.
2. മാളികപ്പുറത്തെ വിശ്രമ കേന്ദ്രം ഗ്രാനൈറ്റ് പാകി സൗകര്യപ്രദമാക്കി.
3. കുടിവെള്ളത്തിനായി മണിക്കൂറിൽ 1000 ലിറ്റർ ശുദ്ധജലം നൽകുന്നതിനുള്ള മൂന്ന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചു ഔഷധീകരിച്ച കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യം ഒരുക്കി.
4. 12 ലക്ഷം രൂപ ചെലവിട്ട് ശബരിമലയിലെ വിവിധ ഭാഗങ്ങളിൽ വേസ്റ്റ്ബിന്നുകൾ സ്ഥാപിച്ചു
5. വെടിമരുന്ന് ശാല നവീകരിച്ച് സുരക്ഷ കർശനമാക്കി. കൂടാതെ ഗ്യാസ് സിലിണ്ടർ സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി പ്രത്യേകം ഗോഡൗൺ നിർമ്മിച്ച് സംരക്ഷണ ഭിത്തി നിർമ്മിച്ചു.

6 പാണ്ടിത്താവളത്ത് വിശ്രമത്തിനായി അധിക സൗകര്യം ഏർപ്പെടുത്തി.

**പമ്പ**

1 പമ്പയിൽ പമ്പ നദീതീരം മാലിന്യ വിമുക്തമാക്കുവാൻ സീവേജ് കളക്ഷൻ ടാങ്ക് സ്ഥാപിച്ചു.

2 അന്നദാന മണ്ഡപവും വിശ്രമ മുറികളും ഒരുക്കി.

3 മണിക്കൂറിൽ 1000 ലക്ഷം ലിറ്റർ ശുദ്ധീകരിച്ച് ടാപ്പുകളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് സജ്ജീകരണമൊരുക്കി.

4 കാനനപാതകളും, റോഡുകളും നവീകരിച്ചു ഗതാഗത യോഗ്യമാക്കി.

**നിലയ്ക്കൽ**

1 അടിയന്തര സാഹചര്യങ്ങളിൽ ഹെലികോപ്റ്റർ, എയർ ആംബുലൻസുകൾ എന്നിവ ഇറക്കാൻ എമർജൻസി റെസ്പോൺസ് സ്റ്റേഷൻ സജ്ജീകരിച്ചു.

2 ശുദ്ധജലത്തിനായി ജലസ്രോതസ്സുകൾ നവീകരിച്ചു

3 ജല വിഭവ വകുപ്പ് മുഖേന ടാങ്കുകളിൽ ജല വിതരണം നടത്തി.

സെക്ഷൻ ഓഫീസർ